**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **23-08-2022 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ KL-01-BE-7115 നമ്പർ ആംബുലൻസിന്റെ ഫിറ്റ്നസ് പുതുക്കാൻ ആവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട രേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | താമരശ്ശേരി താലൂക്കാശുപത്രിയിലെ KL 01-BE-7115 നമ്പർ ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവശ്യമായ 1,47,845/- രൂപയുടെ എസ്റ്റിമേറ്റ് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ കത്ത് നമ്പർ.ഡി1-18249/2021 തീയതി, 03/06/2022 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് പ്രസ്തുത ഫയൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായതെന്ന് അറിയിക്കുമോ; | (ബി) | 20/06/2022-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫിസർ സമർപ്പിച്ച 1,47,845/- രൂപയുടെ എസ്റ്റിമേറ്റ്, പരിഗണിച്ച് സാങ്കേതികാനുമതി നൽകി (ഉത്തരവ് നമ്പർ HT1-105007/2019 DHS തീയതി, 17/08/2022 പ്രകാരം) ജില്ലാ മെഡിക്കൽ ഓഫീസർ കോഴിക്കോടിനും, താലൂക്കാശുപത്രി താമരശ്ശേരി സൂപ്രണ്ടിനും നൽകിയിട്ടുണ്ട്. |
| (ഡി) | 03.06.2022 തീയതി രേഖപ്പെടുത്തിയ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിൽ കാലവിളംബം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സാങ്കേതികാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | എസ്റ്റിമേറ്റ് അംഗീകരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | സാങ്കേതികാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## തിരുവനന്തപുരം ആരോഗ്യവകുപ്പ് മേലധികാരിയുടെ കാര്യാലയത്തിലെ
## സംസ്ഥാന ആരോഗ്യഗതാഗത ഓഫീസറുടെ നടപടിക്രമം

വിഷയം : ആ.വ. : ആരോഗ്യഗതാഗതം – വാഹനക്കാര്യം – KL 01 BE 7115 നമ്പർ വാഹനം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാങ്കേതികാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1) കോഴിക്കോട് DMOH ന്റെ D1-18249/2021 നം. കത്ത് തീയതി 03/06/2022.

## ഉത്തരവ് നം. എച്ച്.റ്റി 1 -105007/19/ആ.വ.ഡ തീയതി 17/08/2022

പരാമർശപ്രകാരം കോഴിക്കോട് താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ KL 01 BE 7115 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപ്പണികളും, ടൈമിങ്ങ് ചെയിൻ മാറ്റുന്നതിന് ശ്രീ. ആട്ടോ ഗാരേജ്, മൂച്ചകുന്ന്, കോഴിക്കോട് എന്ന സ്ഥാപനത്തിൽനിന്നും ലഭിച്ച ₹ 1,47,845/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയുണ്ടായി.

പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വാഹനം അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ HMC/LSGD ഫണ്ടിൽ നിന്നും നടത്തുന്നതിന് സാങ്കേതികാനുമതി നൽകി ഉത്തരവാകുന്നു 15 ദിവസത്തിനകം പ്രസ്തുത വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി അസ്സൽ ബില്ലും പകർപ്പും അംഗീകാരത്തിനും സാക്ഷ്യപ്പെടുത്തലിനുമായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അയച്ചുനൽകേണ്ടതാണ്.

(ഒപ്പ്)
ആർ.റ്റി. മധു
സംസ്ഥാന ആരോഗ്യ ഗതാഗത ആഫീസർ

സ്വീകർത്താവ് :- സൂപ്രണ്ട്, താലൂക്ക് ആശുപത്രി, താമരശ്ശേരി, കോഴിക്കോട്

പകർപ്പ് : 1) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) കോഴിക്കോട്
2) ചാർജ് മാൻ, HTCWS, ജി.മെ.ര. (ആ) കോഴിക്കോട്
3) ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സീനിയർ സൂപ്രണ്ട്